ശ്രീ. പി. എസ്. ശ്രീനിവാസൻ: വളരെ അത്യാവശ്യമാണെന്ന് തോന്നിയതുകൊണ്ടാണ് അതിന്റെ അന്വേഷണ ഗവേഷണപ്രവർത്തനങ്ങൾ തുടങ്ങിയത്. അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കുതന്നെ നാലരലക്ഷം രൂപ ചെലവഴിക്കുവാൻ അനുമതി നൽകുകയും ചെയ്തത് അത് വളരെ ആവശ്യമായ പദ്ധതിയായതുകൊണ്ടാണ്.

ശ്രീ. എ. വി. താമരാക്ഷൻ: മാരാരിക്കുളം പൊഴിയുമായി ബന്ധപ്പെടുത്തി ഫിഷിംഗ് ഹാർബറിന്റെ പണി ആരംഭിക്കുന്നതിന് ഫിഷറീസ് വിദഗ്ദ്ധൻമാർ അന്വേഷണം നടത്തുകയും ആ സ്ഥലം നല്ലതാണെന്നു തിട്ടപ്പെടുത്തി പോവുകയും ചെയ്തു. ഇപ്പോൾ അതിന്റെ സ്ഥിതി വ്യക്തമാക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവിടെ ഗവേഷണപ്രവർത്തനങ്ങൾ നടത്തത്തക്കവിധത്തിൽ അത്രയേറെ സാദ്ധ്യതയുള്ളതായി ഗവൺമെന്റിന്റെ മുമ്പിൽ അഭിപ്രായമില്ല.

ശ്രീമതി കെ. ആർ. സരസ്വതി അമ്മ: വളരെയധികം ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയതിനുശേഷം അഞ്ചുതെങ്ങിലും വൈപ്പിൻപ്രദേശത്തും ഫിഷർമെൻ ഫ്ലർപ്പെടുത്തിയ പദ്ധതികൾ വമ്പിച്ച പരാജയമായിരുന്നു. ഗവൺമെന്റ് ഇപ്പോൾ അന്വേഷണം നടത്തിവരുന്നത് ഇത് കണക്കിലെടുത്ത് ഇനിയെങ്കിലും വേണ്ടവിധത്തിലുള്ള പരീക്ഷണങ്ങൾക്കുശേഷം ഈ പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഹാർബറിന്റെ കാര്യമല്ല അവിടെയുള്ള സ്കീമിന്റെ കാര്യമാണ്. സ്കീമുകളെല്ലാം വിജയത്തിലെത്തുമെന്ന ഉറപ്പോടുകൂടി ആരംഭിക്കാൻ കഴിയുകയില്ല. പ്രത്യേകിച്ചും മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന പാവപ്പെട്ടവരുടെ കാര്യമായതുകൊണ്ട് അവർക്ക് പണം തിരിച്ചടക്കാൻ പ്രയാസം വന്നു എന്ന് വരാം. അതുകൊണ്ട് പ്രാരംഭമായ ചില പ്രയാസങ്ങൾ ഉണ്ടായിയെന്നുവച്ച് ആ സ്കീംതന്നെ ഉപേക്ഷിക്കാൻ കഴിയുകയില്ല.

ശ്രീ. ബി. വി. സീതി തങ്ങൾ: ലാൻഡിംഗ് സെൻറർ കൊടുക്കുന്നതിന് ഉദ്ദേശിക്കുന്ന ചേറ്റുവ പ്രദേശത്ത് ഒരു ഫിഷിംഗ് ഹാർബറോ മിനി ഫിഷിംഗ് ഹാർബറോ ഉണ്ടാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവിടെ അന്വേഷണ ഗവേഷണങ്ങൾ ആരംഭിച്ചിട്ടില്ല. ഈ കാര്യം ആലോചിക്കുന്നുണ്ട്.

ദേശസാൽക്കരണനയത്തിൽ മാറ്റം

* 554 [602] ശ്രീ. എം. വി. രാജഗോപാലൻ:
,, പി. കരുണാകരൻ:
,, എം. വി. രാഘവൻ:
,, സി. ടി. കൃഷ്ണൻ:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെൻറ് അംഗീകരിച്ച ദേശസാൽക്കരണനയത്തിൽ നിന്നും എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ദേശസാൽകൃതമല്ലാത്ത റൂട്ടുകളിൽ ഇന്ന് ഓടിക്കുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ പിൻവലിക്കുന്നുവെന്ന വാർത്ത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിൽ പ്രൈവറ്റ് ബസ് സർവ്വീസുകാർക്ക് പെർമിറ്റ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നതിൻെറ കാരണം വ്യക്തമാക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ): (എ) സമ്പൂർണ്ണ ദേശസാൽക്കരണം നടപ്പിലാക്കിയിട്ടുള്ള മേഖലകളിൽ പ്രൈവറ്റ് ബസ്സുകൾക്ക് ഓവർലാപ്പിംഗ്, മറ്റു ദേശസാൽകൃത റൂട്ടുകളിലനുവദിച്ചിട്ടുള്ളതുപോലെ അനുവദിക്കുന്നകാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അങ്ങനെയൊരാലോചനയില്ല.

(സി) സമ്പൂർണ്ണ ദേശസാൽക്കരണം നടപ്പിലാക്കിയിട്ടുള്ള മേഖലകളിലെ യാത്രക്കാർക്കനുഭവപ്പെടുന്ന യാത്രാക്ലേശം പരിഗണിച്ചാണ് കൂടുതൽ സർവ്വീസുകളാവശ്യമായ റൂട്ടുകളിൽ പ്രൈവറ്റ് സർവ്വീസുകൾക്ക് ഓവർലാപ്പിംഗ് അനുവദിക്കുന്നകാര്യം ഗവൺമെൻറ് പരിഗണിച്ചുവരുന്നത്.

ശ്രീ. പി. കരുണാകരൻ: സമ്പൂർണ്ണമായി ദേശസാൽക്കരിച്ച റൂട്ടുകളിൽ യാത്രാക്ലേശം പരിഹരിക്കാൻ കഴിയാത്തതുകൊണ്ടാണെന്നു പറഞ്ഞു. പക്ഷേ ദേശസാൽക്കരണനയത്തിൽനിന്നും പിന്നോട്ടുപോകുന്നതിനുപകരം ദേശസാൽകൃത റൂട്ടുകളിൽ കൂടുതൽ സൗകര്യമുണ്ടാക്കാനല്ലേ ആലോചിക്കേണ്ടത്? അത്തരം നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ദേശസാൽക്കരണനയത്തെ വികൃതമാക്കുന്ന നടപടികൾ മാറ്റുകയും ചെയ്യുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ദേശസാൽക്കരണനയത്തിനു വിരുദ്ധമായി ഒന്നും ഗവൺമെൻറ് പ്രവർത്തിക്കുന്നതല്ല. വയനാട്, തിരുവനന്തപുരം, നെയ്യാറ്റിൻകര മേഖലകളിൽ സമ്പൂർണ്ണ ദേശസാൽക്കരണമാണ് നിലവിലുള്ളത്. മറ്റു സ്ഥലങ്ങളിൽ രണ്ട് ഇൻറർമീഡിയറ്റ് പോയിൻറുകളിൽ കൂടുതൽ ടച്ച് ചെയ്യാതെയും ക്രോസ്സ് ചെയ്യാതെയും വരത്തക്കവിധത്തിൽ പ്രൈവറ്റ് ബസ്സുകൾക്ക് നാഷണലൈസ്ഡ് റൂട്ടുകളിൽ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്. അതുപോലെയൊരു ഏകീകൃതനയം നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിച്ചുവരുന്നു. അവസാനതീരുമാനമെടുത്തിട്ടില്ല.

ശ്രീ. പി. കരുണാകരൻ: സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുന്നത് കെ. എസ്. ആർ. ടി. സി.-യുടെ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്ന റൂട്ടുകളിലാണെങ്കിൽ കെ. എസ്. ആർ. ടി. സി. ബസ്സുകളെ പ്രതികൂലമായി ബാധിക്കാതിരിക്കണം എന്ന നിർദ്ദേശം ഗവൺമെൻറ് കൊടുത്തിട്ടുണ്ടോ? അടുത്തകാലത്ത് പല റൂട്ടുകളിലും കെ. എസ്. ആർ. ടി. സി. ബസ്സുകൾക്കു മുമ്പിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുത്തതുമൂലം കെ. എസ്. ആർ. ടി. സി.-ക്ക് നഷ്ടമുണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: യാത്രക്കാരുടെ ആവശ്യം മുൻനിർത്തി കെ. എസ്. ആർ. ടി. സി. സർവീസുള്ള റൂട്ടുകളിലും പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് കൊടുത്തിട്ടുണ്ട്. ആവശ്യാനുസരണം കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓടിക്കാൻ നിവൃത്തിയില്ലാത്ത റൂട്ടുകളിലാണ് പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് കൊടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: ദേശസാൽക്കരണം രണ്ടുവിധത്തിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു; സമ്പൂർണ്ണവും സമ്പൂർണ്ണമല്ലാത്തതും. ഇതുതമ്മിലുള്ള വ്യത്യാസം മനസ്സിലായില്ല. സമ്പൂർണ്ണ ദേശസാൽക്കരണമുള്ള സ്ഥലങ്ങളിൽ സമ്പൂർണ്ണമല്ലാതാക്കുന്നതെന്തിനാണെന്നും മനസ്സിലായില്ല. ഒന്നു വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഓവർലാപ്പിംഗ് അനുവദിക്കുന്ന മേഖലകളുണ്ട്, അനുവദിക്കാത്ത മേഖലകളുമുണ്ട്. വയനാട്, തിരുവനന്തപുരം, നെയ്യാറിൻകര മേഖലകളിൽ പ്രൈവറ്റ് ബസ്സുകൾക്ക് റൂട്ട് ക്രോസ് ചെയ്യാൻപോലും അനുവാദമില്ലാത്തവിധത്തിലുള്ള സമ്പൂർണ്ണമായ ദേശസാൽക്കരണമാണ് നിലവിലുള്ളത്. അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്വകാര്യബസ്സുകൾക്ക് ഓവർലാപ്പിംഗ് അനുവദിക്കുന്നതിനെക്കുറിച്ചാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: തിരുവനന്തപുരം സിറ്റിപോലെ സമ്പൂർണ്ണ ദേശസാൽക്കരണമുള്ള സ്ഥലങ്ങളിൽ അത് പിൻവലിക്കാതിരിക്കുകയും അവിടെ കൂടുതൽ കെ. എസ്. ആർ. ടി. സി. ബസ് അനുവദിക്കുകയും ചെയ്യുമോ; വയനാട് പോലെയുള്ള സ്ഥലങ്ങളിലെ യാത്രാക്ലേശം സംബന്ധിച്ച വല്ല പരാതിയും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടെങ്കിൽ അത് ഈ വിധത്തിൽ പരിഗണിക്കുകയെന്നുള്ളതല്ലാതെ, തിരുവനന്തപുരം സിറ്റിപോലെയുള്ള സ്ഥലങ്ങളിൽ കെ. എസ്. ആർ. ടി. സി. തന്നെ യാത്രാസൗകര്യം വർദ്ധിപ്പിക്കുകയും അങ്ങനെ ദേശസാൽക്കരണനയത്തിൽനിന്ന് പിന്നോക്കംപോകാതിരിക്കുകയും ചെയ്യാൻ ആലോചിക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: അവസാനതീരുമാനമെടുത്തിട്ടില്ല.

ശ്രീ. സി. ടി. കൃഷ്ണൻ: ദേശസാൽക്കരിക്കാത്ത റൂട്ടുകളിൽ ഓടിക്കൊണ്ടിരിക്കുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾതന്നെ, കൂടുതൽ പ്രൈവറ്റ് ബസ്സുകളുള്ളതുകൊണ്ട് നഷ്ടത്തിലായിരിക്കെ ദേശസാൽക്കരിച്ച റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകളനുവദിക്കുന്നത് വീണ്ടും കൂടുതൽ നഷ്ടത്തിന് ഇടയാക്കുകയില്ലേ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ദേശസാൽക്കരിക്കാത്ത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകളും കെ. എസ്. ആർ. ടി. സി. ബസ്സുകളും ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്നുണ്ട്. അങ്ങനെയുള്ള റൂട്ടുകളിൽനിന്ന് ട്രാൻസ്പോർട്ട് ബസ്സുകൾ പിൻവലിക്കാൻ പ്രായോഗികബുദ്ധിമുട്ടുമുണ്ട്. ജനങ്ങളുടെ യാത്രാസൗകര്യത്തിനുവേണ്ടിയാണ് അത്തരം റൂട്ടുകളിൽ നഷ്ടം സഹിച്ചുകൊണ്ടും സർവീസ് നടത്തുന്നത്.

ശ്രീ. സി. ടി. കൃഷ്ണൻ: കൂടുതൽ റൂട്ടുകൾ ദേശസാൽക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകളാണ് ഇപ്പോൾ ഗവൺമെന്റ് പരിഗണിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: ദേശസാൽക്കരിച്ച റൂട്ടുകളിൽ യാത്രാക്ലേശത്തിനു പരിഹാരമുണ്ടാക്കിയശേഷമേ പുതിയ റൂട്ടുകൾ ദേശസാൽക്കരിക്കാൻ ഗവൺമെൻറുദ്ദേശിക്കുന്നുള്ളൂ.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: ദേശസാൽകൃത റൂട്ടുകളിൽ കൂടുതൽ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റു കൊടുക്കുന്നുവെന്ന് പറഞ്ഞു. അടുത്തകാലത്ത് അങ്ങനെ എത്ര ബസ്സുകൾക്ക് പെർമിറ്റ് കൊടുത്തിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ദേശസാൽക്കരിച്ച റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുന്നില്ല; ഓവർലാപ്പിംഗ് അനുവദിക്കുന്നകാര്യം പരിഗണിക്കുന്നു എന്നുമാത്രമേയുള്ളൂ.

ശ്രീ. ജെ. ചിത്തരഞ്ജൻ: തിരുവനന്തപുരം–നെയ്യാറ്റിൻകര–വയനാട് മേഖലകളെപ്പറ്റി പറഞ്ഞു. അത് സമ്പൂർണ്ണദേശസാൽക്കരണമേർപ്പെടുത്തിദശാബ്ദങ്ങൾ പിന്നിട്ട പ്രദേശങ്ങളാണ്. ആ നിലയ്ക്ക് അവിടെ ആവശ്യമായ ബസ്സുകൾ നൽകുകയും വേണ്ടിവന്നാൽ കൂടുതൽ റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓടിക്കുകയും ചെയ്യുന്നതിനു പകരം ഓവർലാപ്പിംഗ് ചെയ്തുകൊണ്ട് പ്രൈവറ്റ് ബസ്സുകൾ അനുവദിക്കാൻ ആലോചിക്കുന്നുവെന്നും പറഞ്ഞു. അത് നിർത്തിവയ്ക്കുമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ദേശസാൽകൃതമേഖലകളിൽ പരമാവധി കോർപ്പറേഷൻറെ സാമ്പത്തികശേഷിയനുസരിച്ച് പുതിയതായി ബസ്സുകൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ വളരെയേറെ ഉള്ളതുകൊണ്ടാണ് അങ്ങനെയുള്ള നിർദ്ദേശങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ജെ. ചിത്തരഞ്ജൻ: സമ്പൂർണ്ണമായ ദേശവൽക്കരണമേർപ്പെടുത്തിയിട്ടുള്ള ഈ പ്രദേശങ്ങളെസംബന്ധിച്ച് ഇന്ന് സ്വീകരിച്ചുപോരുന്ന നയത്തിൽ അയവുവരുത്താതിരിക്കാൻ ശ്രദ്ധിക്കുമോ എന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: കോർപ്പറേഷന് സാമ്പത്തികമായ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു നിർദ്ദേശത്തെപ്പറ്റി ആലോചിക്കാമെന്നുതന്നെ തീരുമാനിച്ചത്.

ശ്രീ. എം. കെ. ജോസഫ്: ദേശസാൽകൃത റൂട്ടുകളിൽപ്പോലും പൂർണ്ണമായി ബസ്സുകളോടിക്കാൻ സാധിക്കാതിരിക്കെ കേരളത്തിലെ നിരവധി റൂട്ടുകൾ ദേശസാൽക്കരിക്കുന്നതിൻറെ മുന്നോടിയായി പ്രിലിമിനറി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും തൻമൂലം, ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകൾക്ക് ഇപ്പോഴും ടെമ്പററി പെർമിറ്റുകൾമാത്രം നൽകുകയും ചെയ്തിരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന അഴിമതികൾ എത്രയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ? ഇങ്ങനെ പ്രിലിമിനറി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച റൂട്ടുകൾ ഏതൊക്കെയെന്ന് അറിയാമോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ദേശസാൽക്കരണത്തിൻറെ മുന്നോടിയായി 254 റൂട്ടുകൾ നോട്ടിഫൈ ചെയ്തിട്ടുണ്ട്. കോട്ടയം–എറണാകുളം വെട്ടിക്കാട്ടുമുക്കുവഴി രണ്ടു റൂട്ടുകൾ; എറണാകുളം–തൃശ്ശൂർ മേഖലയിൽ 91

LIBRARY ARCHIVES Kerala Legislative Assembly

റൂട്ടുകൾ; തിരുവല്ലാ–കോഴഞ്ചേരി, പത്തനംതിട്ട–ചെങ്ങന്നൂർ മേഖലയിൽ 41 റൂട്ടുകൾ; കൊട്ടാരക്കര–കായംകുളം, കൊട്ടാരക്കര–പൂയപ്പള്ളി, കൊട്ടാരക്കര–കായംകുളം–ചാത്തന്നൂർ, കൊട്ടാരക്കര–ഓയൂർ–ആയൂർ മേഖലകളിൽ 79 റൂട്ടുകൾ; തൃശ്ശൂർ, അഴീക്കോട്, കോട്ടപ്പുറം, കൊടുങ്ങല്ലൂർ, ചേറ്റുവാ മേഖലയിൽ 7 റൂട്ടുകൾ; കേരളം–തമിഴ്നാട് ഇൻറർസ്റ്റേറ്റ് റൂട്ടുകളിൽ 22; കേരളം–കർണ്ണാടകം ഇൻറർസ്റ്റേറ്റ് റൂട്ടുകളിൽ 11; പയ്യന്നൂർ, കണ്ണൂർ, പഴയങ്ങാടി—1 റൂട്ട്. ഇങ്ങനെ 254 റൂട്ടുകളാണ് നോട്ടിഫൈ ചെയ്തിട്ടുള്ളത്. ഇത്തരം റൂട്ടുകളിൽ പക്കാ പെർമിറ്റുകൾ കൊടുക്കാൻ നിയമം അനുവദിക്കുന്നില്ല. ടെമ്പററി പെർമിറ്റുകൾ കൊടുക്കാനേ നിർവാഹമുള്ളൂ. അത് കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ശങ്കരനാരായണൻ: ദേശസാൽക്കരണം എന്ന ഗവൺമെൻറിൻെറ അടിസ്ഥാനപരമായ നയത്തിൽനിന്നും മറ്റുപല തീരുമാനങ്ങളിൽനിന്നും മന്ത്രിമാർ തന്നിഷ്ടപ്രകാരം മാറിപ്പോകുന്നുവെന്ന് മുൻ മുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവുമായ ശ്രീ. സി. അച്യുതമേനോൻെറ അഭിപ്രായത്തോട് ഈ ഗവൺമെൻറ് അല്പെങ്കിൽ ഈ വകുപ്പ് കൈകാര്യംചെയ്യുന്ന മന്ത്രി യോജിക്കുന്നുണ്ടോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: ഗവൺമെൻറിൻെറ പൊതുവായ നയത്തിനും തീരുമാനത്തിനുമെതിരായി ഒരു മന്ത്രിയും വഴിതെറ്റിപ്പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശസാൽക്കരണനയത്തിൻെറ കാര്യത്തിൽ തെറ്റിദ്ധാരണകൊണ്ടാണ് ശ്രീ. സി. അച്യുതമേനോൻ അങ്ങനെ പറഞ്ഞിട്ടുള്ളത്. ഗവൺമെൻറ് അവസാനമായി ഒരു തീരുമാനവും എടുത്തിട്ടില്ല. പൊതുവായി എല്ലാവരുംകൂടി ആലോചിച്ച് മന്ത്രിസഭ പൊതുവായി എടുക്കുന്ന തീരുമാനം മാത്രമേ ട്രാൻസ്പോർട്ട് വകുപ്പിൽ നടപ്പാക്കുന്നുള്ളൂ.

ശ്രീമതി എം. കമലം: വയനാടുപോലെയുള്ള മേഖലകളിൽ യാത്രാക്ലേശംകൊണ്ട് പൊറുതിമുട്ടിക്കഴിയുന്ന ജനങ്ങൾക്ക് ഗവൺമെൻറിൻെറ പുതിയ ചിന്താഗതി, അതായത് സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുക എന്ന ആശയം, കുറെയെല്ലാം ആശ്വാസം നൽകിയിട്ടുണ്ട്. അതേസമയത്ത് അതിനെ പരസ്യമായി വിമർശിക്കുകയും സ്വകാര്യ ബസ്സുകൾ.....

മി. സ്പീക്കർ: പ്രസംഗംപോലെയാകുന്നുണ്ടല്ലോ.

ശ്രീമതി എം. കമലം: ചോദ്യത്തിലേക്കു വരാം.

മി. സ്പീക്കർ: ചോദ്യത്തിലേക്ക് എപ്പോഴാണ് വരുന്നത്!

ശ്രീമതി എം. കമലം: ചില തൊഴിലാളിസംഘടനകൾ ഇതിനെതിരായി പരസ്യമായി നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ലോനപ്പൻ നമ്പാടൻ: വയനാട് മേഖലയിൽ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റുകൊടുക്കുമെന്നൊന്നും ആരും പറഞ്ഞിട്ടില്ല. മറ്റു സ്ഥലങ്ങളിലുള്ളതുപോലെ അവിടെയും ഓവർലാപ്പിംഗ് അനുവദിക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുന്നു എന്നുമാത്രമേ പറഞ്ഞുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ചോദ്യം 603.

ശ്രീ. പി. സീതി ഹാജി: സർ, എന്താണ് സർ ഇത്!

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഹാജി ഇരിക്കണം. എല്ലാ അംഗങ്ങൾക്കും ഒരുപോലെയുള്ള അവകാശമാണ്. പരമാവധി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അവസരം നൽകാൻ ശ്രമിക്കുന്നുണ്ട്. ഉപചോദ്യങ്ങൾ അനുവദിക്കുന്നത് ചെയറിന്റെ ഡിസ്ക്രിഷനാണ്. ബഹുമാനപ്പെട്ട സീതിഹാജിയെപ്പോലെയുള്ള അംഗങ്ങൾ നിരുത്തരവാദപരമായി പ്രസ്താവനകൾ നടത്തുന്നത് വളരെ ആക്ഷേപകരമാണ്. ആരെയും അടിച്ചമർത്തുന്നില്ല. ദയവായി ഇരിക്കണം. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നുണ്ട്.

പേൾ കൾച്ചറിനും മസ്സൽ കൾച്ചറിനും വേണ്ടി നടപ്പാക്കിവരുന്ന പദ്ധതികൾ

* 555 [603] ശ്രീ. പി. വി. ദക്ഷിണാമൂർത്തി:

,, സി. ബി. സി. വാര്യർ:

,, പി. കരുണാകരൻ:

,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:

,, പി. ആർ. ശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേൾ കൾച്ചറിനും മസ്സൽ കൾച്ചറിനും വേണ്ടി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാം;

(ബി) അവ ഓരോന്നിന്റെയും വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചിട്ടെത്ര കാലമായി; ഇതുവരെയും എന്തുതുക ചെലവഴിച്ചു;

(ഡി) അവയുടെ പ്രവർത്തനം ലാഭകരമാണോ;

(ഇ) ട്രെയിനിംഗ് ലഭിച്ച വിദഗ്ദ്ധൻമാരുടെ അഭാവം ആ പദ്ധതികളുടെ പ്രവർത്തന പുരോഗതിയെ ബാധിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഈ പദ്ധതികൾക്കുവേണ്ടി ഓരോ പ്രോജക്ടും വീതം വിഴിഞ്ഞത്ത് സ്ഥാപിച്ചിട്ടുണ്ട്.

(ബി) പേൾ കൾച്ചർ പ്രോജക്ടിൽ നല്ലയിനം മുത്തുകളും മസ്സൽ കൾച്ചർ പ്രോജക്ടിൽ പോഷകമൂല്യങ്ങളടങ്ങിയ കക്കയിറച്ചിയും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly